# GHSS VELLUR

## VELLUR (PO), PAYYANNUR

# ധ്വനി




**ഡിജിറ്റൽ മാഗസിൻ**

***By***

***LITTLE KITES** (2019-'21)*

# എഡിറ്റോറിയൽ ബോർഡ്

ഗൗതം കൃഷ്ണ

അഖിൽ

സുദേവ് സുരേശൻ

വർഷ

ആയിഷത്ത് ശബ്ന

ശിവപ്രിയ

# ഉള്ളടക്കം


സൗഹൃദം---കവിത

GARDEN—   POEM

സനാഥയാണു നീ....  കഥ

വിശപ്പ്----കവിത

NATURE----POEM

വിജയമന്ത്രങ്ങൾ

PARROT---POEM

മരം ഒരു വരം---കവിത

മലാല

ഡോ. എ.പി.ജെ.അബ്ദുൽ കലാം

# സൗഹൃദം

ജീവിതമെന്നെ മൂന്നക്ഷരത്തിന്
ജീവന്റെ തുടിപ്പുകൾ
നൽകിയത് നീ......
നിറം മങ്ങികിക്കിടൊന്നരാ
ജീവിതത്തിന്
സപ്തവർണ്ണങ്ങളേകിയതും നീ.....
താങ്ങായി തണൽമരമായി
നിഴലായി എൻ കൂടെ നടന്നതും നീ.....
എന്റെ സ്വപ്നങ്ങൾക്ക്
ചിറകുകൾ ഏകിയതും നീ....
എന്റെ തെറ്റുകളെ ശാസിച്ചതും നീ.....
എന്നെ ശരിയെന്തെന്ന്
പഠിപ്പിച്ചതും നീ ......
ഞാനെന്ന കൂപമണ്ഡൂകത്തിനു
മുന്നിൽ വിശാലമായൊരീ
ലോകത്തിൻ വാതിൽ
തുറന്നതും നീ.....
ഇന്നലയുടെ ഈണവും
ഇന്നിന്റെ താളവും
നാളെയുടെ ഭാവവും നീ......
നീ ഞാനാണ് ഞാൻ നീയാണ്
നമ്മൾ ഒന്നാണ്.

ശിവാനി.എ.വി ,8A

# GARDEN



Flowers ,flowers everywhere
has good smell and colour
with it.....
looks likes rainbow on the
sky......

butterflies, bees and trees are
there...
which makes my garden
A gleaming one

DEVA THEJA.T.V

# സനാഥയാണു നീ .........

തിരമാലകൾ ആടിയുലയുന്നു .പറവകൾ നൃത്തം വച്ചുപോയ വേദിയിതാ ശൂന്യമായികിടക്കുന്നു. അനാഥയായ് കിടക്കുന്ന മണ്ണ് അവനോടായി ചോദിച്ചു "അല്ലയോ ഉദാരമനുഷ്യാ... നീ എന്തിനാണ് എന്നോടീ ക്രൂരത കാട്ടിന്നത് ?  നിന്റെ ഐശ്വര്യപൂർണ്ണമായ കൈകളിൽ നിന്നും വിതയ്ക്കൂ ഈ നെന്മണികൾ"... "നൽക്കൂ എന്നിൽ പുതുജീവനുകൾ ". തീകത്തുന്ന മനസ്സുമായി അവൻ മുൻപോട്ട് വന്നു.
പക്ഷെ ഭൂമിയുടെ ശിരസ്സിൽ നിന്നും അവന്റെ  കാലുകൾ ഇടറുകയാണ് . പഴയകാലത്തിന്റെ ഭീകരസ്മരമകൾ അവൻ ഇന്നും നെട്ടലോടെ ഓർക്കുകയാണ്. കാലവർഷം ശക്തിയായി പെയ്യുമ്പോൾ അവൻ അറിഞ്ഞില്ല
പ്രളയത്തിന്റെ നാളുകൾ അവനെ കാലത്തിന്റെ ജലപ്രവാഹതയിലേക്ക് ഒഴുക്കി വിടുമെന്ന് . മുന്നിൽ മരണവും പിന്നിൽ വിരഹവും കൊണ്ട് കഴിച്ചുക്കൂട്ടിയ കുറേ നാളുകൾ . ജാതിമതഭേദമന്യേ ഒന്നിച്ചു പ്രവർത്തിച്ച ദിവസങ്ങൾ ഒന്നിച്ചുണ്ടും ഉറങ്ങിയും ,ചിരിച്ചും പറഞ്ഞ ദിവസങ്ങൾ അപ്രതീക്ഷമായി വന്ന ആ പ്രളയം അവന്റെ ജീവിതം ഒന്നാകെ മാറ്റിമറിച്ചു. കടലിന്റെ മക്കൾ പ്രളയത്തിന്റെ തീവ്രതയിൽ നിന്നും ഞങ്ങളെ മുക്തമാക്കി.തങ്ങളുടെ ജീവൻ രക്ഷിച്ചവർ കടലിന്റെ മക്കളല്ലാ...........മണ്ണിന്റെ മക്കളാണ് . അല്ലയോ ഭൂമി....നീ...അനാഥയല്ല സനാഥയാണു നീ....സനാഥാ......

**അക്ഷയ.കെ , 8A**

# വിശപ്പ്

മഞ്ഞിൽ തീപ്പൊരി പാറും ചെമ്മാനത്തിൽ ,
തിളച്ചുമറിഞ്ഞുപൊന്തും ലാവയിൽ,
ഗതികിട്ടാതലയുമീ കാറ്റിന്റെ വേഗതയിൽ,
രൂക്ഷമാം തേങ്ങലിൽ കുനിഞ്ഞുപോയ ശിരസ്സിൽ,
ആകുലതയേറ്റ് മുറിഞ്ഞുപോയപ്രതിക്ഷയിൽ,
പടപൊരുതലിൽ പിടിവിട്ട്പോയ കരുത്തിൽ,
ചക്രവ്യൂഹത്തിലറ്റുവീണ അഭിമന്യുവിൽ,
ആത്മാവിനെ ബലിയർപ്പിച്ച യന്ത്രങ്ങളിൽ,
ഇഡ്‌ലിബിൽ വ്യോമനായകർ തീർത്ത ചോരപ്പുഴയിൽ,
ഒരു കൈ വേദനതിന്ന് മറുകൈ വിശക്കാതെ താങ്ങായ-
കരങ്ങളെ വെട്ടിമാറ്റിയ ശരീരത്തിനുടമകളിൽ,
കുതന്ത്രം മെനയുന്ന പിശാചുക്കളിൽ,
മദിരയിൽ കുറ്റിക്കത്തിക്കും മസാലയിൽ,
പാലിൽ കറുപ്പുചേർത്ത മനുഷ്യരിൽ,
രാഗത്തെ കടിച്ചുകൊന്ന ചെന്നായ്ക്കളിൽ,
വിഷം വലിച്ചു കുടിക്കും സർപ്പങ്ങളിൽ,
ഉരുകിയ ചെമ്മെഴുകൂറ്റാന് തക്കം പാർക്കുന്ന-
വെള്ളക്കുപ്പായമണിഞ്ഞ നേതാക്കളിൽ,
ചേർക്കുമീ സമസ്തലോകത്തിന് മുറവിളി-
യാർത്തട്ടഹസിക്കും ആഴക്കുന്തങ്ങളായ്!
ഉഗ്രവിഷമീവിശപ്പിന് സൂചിമുനയുടെ,
അഗ്രത്തിനാർത്തി പടർത്തും ആഴക്കുന്തങ്ങള്!

**ആദർശ രാജ്.എം, +2**

# Nature



Nature is everywhere.
Nature everywhere you go
Everything that lives ang grows
Is nature
Animals
Big and small
Nature is plants that grow so tall
nature is beatiful in everyway
wonderful exciting
and needs our care.
So listen learn and you part to keep nature
Beautiful forever

***RASHA.K, 7D***

## 10 വിജയമന്ത്രങ്ങൾ

- ഞാൻ എന്ന ഭാവം ഉപേക്ഷിക്കുക
- നമ്മൾ എന്ന ചിന്ത വളർത്തുക
- അഹംഭാവത്തെ മിറകടക്കുക.
- സ്നേഹത്തിനു വില കൽപ്പിക്കുക
- ചിരി കൊണ്ട് അകലം കുറക്കുക
- അപവാദങ്ങളെ അവഗണിക്കുക
- വിജയം നേടാൻ ശ്രമിക്കുക
- അസൂയയെ മാറ്റിനിർത്തുക
- അറിവ് സമ്പാദിച്ചു കൊണ്ടിരിക്കുക
- സൗഹൃദങ്ങൾ വളർത്തിക്കൊണ്ടു വരിക



# PARROT



Oh! parrot, my pet
You are so beautiful
Your colour is green
Green is the symbol of
nature
You always eat red
chillies
That makes your beak reddish
If we put you in a cage
It will make you very sad
And you get food from us
But it will not be nothing
More than freedom.

**ANJANA .P 10A**

# മരം ഒരു വരം

ടീച്ചറുടെ ഗണിതസൂത്രവാക്യങ്ങൾ
ഭേദിച്ചൊരു ശബ്ദം ക്ലാസിലേക്ക്......
എത്തിനോക്കിയേവരും
തണലേകിയമരം പതിച്ചിരിക്കുന്നു താഴെ

ഹ്രദയം പിടഞ്ഞുയർന്ന ശബ്ദത്തെ കീഴ്പെടുത്തി
‘ പുതിയ കെട്ടിടത്തിനുവേണ്ടി......’
‘സൈലൻസ് ......
എ പ്ലസ് ബി ഇക്വൽ ടു ... പിന്നെ പറഞ്ഞ
കണക്കുകൾ മനസ്സിലേക്ക് എത്തിയില്ല.

മാപ്പു നൽകു പ്രാമന്റെ മിത്രമേ
ഈ തിരുമുറ്റത്തുയർന്ന ശബ്ദങ്ങൾ,കവിതകൾ,
കുഞ്ഞു ഹ്രദയങ്ങൾ മന്ത്രിച്ച വാക്കുകൾ
നീ ശ്രവിച്ചിരുന്നുവോ?
മരമൊരുവരമെന്നു കേട്ടു നീ
കോരിത്തരിച്ചിരുന്നുവോ?

മാപ്പു നൽകൂ കനിവിന്റെ രൂപമേ...
നീ കേട്ടു പഠിച്ച സമവാക്യങ്ങൾ തെറ്റിയോ?
നമ്മുടെ ’ആവശ്യം നിന്നെ അനാവശ്യമാക്കുന്ന സൂത്രവാക്യം

അത് നീ സ്വയം പഠിച്ചെടുക്കേണ്ടതായിരുന്നു !
മാപ്പുനൽകൂ ആത്മമിത്രമേ
നീയേകിയ തണലും,കുളിരും ,കനിയുടെ മധുരവും
എന്റെ പുസ്തകത്തിലെ അക്ഷരങ്ങളിൽ കണ്ണീരായ് പടരുന്നു.
എങ്കിലും ഉയരട്ടെ അറിവു നൽകാൻ പുത്തൻ കെട്ടിടങ്ങൾ.

ശിവപ്രിയ.എം,9D

# മലാല


## *മലാല യൂസഫ്‌സായ്.*

സ്ത്രീ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന പാകിസ്ഥാൻ ആക്ടിവിസ്റ്റും ഏറ്റവും പ്രായം കുറഞ്ഞ നോബേൽ സമ്മാന ജേതാവുമാണ് **മലാല യൂസഫ്‌സായ്.** പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം നേടുന്നതിനെതിരെയുള്ള താലിബാന്റെ നിരോധനത്തോടുള്ള പ്രതിഷേധത്തിന്റെയും അതുമായി ബന്ധപ്പെട്ട സാമൂഹ്യ സക്രിയതയുടേയും പേരിലാണ് മലാല അറിയപ്പെടുന്നത്. സ്വാത്ത് താഴ്വരയിൽ താലിബാൻ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിലെ ജീവിതത്തെ സംബന്ധിച്ച് 2009-ൽ പതിനൊന്നു വയസ്സുള്ളപ്പോൾ ബി.ബി.സിക്കു വേണ്ടി എഴുതാൻ തുടങ്ങിയ ബ്ലോഗാണ് അവളെ ആദ്യം ശ്രദ്ധയിൽ കൊണ്ടുവന്നത്.പിന്നീട് പല പുരസ്കാരങ്ങൾക്കും നാമ നിർദ്ദേശം ചെയ്യപ്പെട്ട മലാല പാകിസ്ഥാന്റെ ആദ്യത്തെ ദേശീയ സമാധാന പുരസ്കാരം നേടി. മാലാലയോടുള്ള ആദരവ് പ്രകടിപ്പിക്കാൻ ഐക്യരാഷ്ട്ര സഭയുടെ ആഹ്വാന പ്രകാരം 2012 നവംബർ 10 **അന്താരാഷ്ട്ര മലാല ദിന**മായി ആചരിച്ചു. 2015-ഓടെ ലോകത്തെ എല്ലാ പെൺകുട്ടികളേയും വിദ്യാലയത്തിലെത്തിക്കാനുള്ള ഐക്യരാഷ്ട്ര പ്രചാരണ പരിപാടിയുടെ മുദ്രാവാക്യം ഇതാണ്: 'ഞാനും മലാല'.

2012 ഒക്ടോബർ 9-നു നടന്ന ഒരു വധ ശ്രമത്തിൽ മലാലയുടെ തലയ്ക്കും കഴുത്തിനും ഗുരുതരമായ പരിക്കേറ്റു.സ്കൂൾ കഴിഞ്ഞ് സ്കൂൾ ബസ്സിൽ വീട്ടിലേക്കു മടങ്ങുമ്പോഴായിരുന്നു ആക്രമണം. ആക്രമണത്തെ തുടർന്നുള്ള ദിവസങ്ങളിൽ അബോധാവസ്ഥയിൽ കഴിഞ്ഞ മലാലയുടെ സ്ഥിതി ക്രമേണ ഭേദപ്പെട്ടു.വധശ്രമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത താലിബാൻ വക്താവ്, മലാലയെ "അശ്ലീലതയുടെ എത്രയും വേഗം അവസാനിപ്പിക്കേണ്ട പുതിയൊരു അദ്ധ്യായം" (a new chapter in obscenity) എന്നു വിശേഷിപ്പിച്ചു. പാകിസ്ഥാനിലെ 50 ഇസ്ലാമിക പുരോഹിതന്മാർ മാലാലയെ വധിക്കാൻ ശ്രമിച്ചവർക്കെതിരെ ഒരു ഫത്വാ ഇറക്കി.

2014-ലെ സമാധാനത്തിനുള്ള നോബേൽ സമ്മാനാർഹയാണ് മലാല. നോബൽ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് മലാല.

# ഡോ. എ.പി.ജെ. അബ്ദുൽ കലാം



ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു(2002-207) 'അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം' എന്ന 'ഡോ. എ.പി.ജെ. അബ്ദുൽ കലാം' (1931 ഒക്ടോബർ 15 – 2015 ജൂലൈ 27).പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്നു ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രധിരോധ ഗവേഷണ വികസന കേന്ദ്രം (DRDO), ബഹിരാകാശഗവേഷണകേന്ദ്രം(ISRO) തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക് മിസൈലിന്റെയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

2002-ൽ രാഷ്ട്രപതിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.തന്റെ ജനകീയനയങ്ങളാൽ, "ജനങ്ങളുടെ രാഷ്ട്രപതി" എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 27-നു സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ

ഇഷ്ടമേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 2020 ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും ദർശനങ്ങളും ഇന്ത്യ 2020 എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു.അദ്ദേഹം ഒരു സാങ്കേതികവിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നവയാണ്. apj@abdulkalam.com എന്ന തന്റെ ഇ മെയിലിൽ എല്ലായ്പ്പോഴും സജീവമായിരുന്നുകൊണ്ട് അദ്ദേഹം ആളുകളുമായി, വിശിഷ്യാ വിദ്യാർത്ഥികളുമായി, നിരന്തരം സംവദിച്ചുകൊണ്ടിരുന്നു. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു.

2015 ജൂലൈ 27 ന് 84-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

---